**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 387** **29-01-2024 - ൽ മറുപടിയ്ക്ക്**

**എക്സൈസ് ഇൻസ്പെക്ടർ ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നിലവിലുള്ള എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ? | (എ) | കാറ്റഗറി നമ്പർ 171/2015, (Direct Recruitment) 188/2016 ,171/2015, (by transfer) പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 131 പേർക്ക് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനം നൽകിയിട്ടുണ്ട്.കാറ്റഗറി നമ്പർ 497/2019, (Direct Recruitment) 498/2019 (by transfer) പ്രകാരമുള്ള 28/12/2023 ന് നിലവിൽ വന്ന പുതിയ റാങ്ക് ലിസ്റ്റിൽ നിന്നുമുള്ള നിയമന ശുപാർശ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും എക്സൈസ് കമ്മീഷണറുടെ ഓഫീസിൽ ഇതുവരെ ലഭ്യമായിട്ടില്ല.<br><br>കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും 03/03/2020 തീയതി പ്രകാരമുള്ള നിയമന ശുപാർശ ലഭിച്ച ശേഷം എക്സൈസ് ഇൻസ്പെക്ടർ (trainee) തസ്തികയിലേക്ക് 20/11/2023 വരെ 78 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു. ഒരു ഒഴിവ് എക്സൈസ് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർ ആയി ട്രെയിനിംഗ് ചെയ്ത് വരവേ പോലീസ് വകുപ്പിൽ സബ്ബ് ഇൻസ്പെക്ടർ ആയി ട്രെയിനിംഗിനു പ്രവേശിച്ച ശ്രീ.എബിൻ. സി. എൻ എന്നയാൾ തിരികെ എക്സൈസ് വകുപ്പിൽ വരുന്നതിനായി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ മാറ്റിവച്ചിട്ടുള്ളതും, എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് ട്രെയിനിംഗിന് പ്രവേശിക്കുന്നതിന് ടിയാന്റെ പുതിയ താൽപര്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളതും, തുടർനടപടികൾ നടന്നു വരികയുമാണ്. KPSC യുടെ 26/08/2023 ലെ RIA(3) 11863/2018/GW നമ്പർ പ്രകാരം 65 ഉദ്യോഗാർത്ഥികളുടെ നിയമനനിർദേശം 11/10/2023 ൽ വകുപ്പിൽ ലഭിക്കുകയും, OP(KAT) 479/2023 കേസിലെ ബഹു. ഹൈക്കോടതിയുടെ 26/10/2023 ലെ ഉത്തരവിന് വിധേയമായി 65 ഉദ്യോഗാർത്ഥികളിൽ എക്സൈസ് ഇൻസ്പെക്ടർ (ട്രെയിനീ) (by transfer) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട 5 |

| | | | | |
|---|---|---|---|---|
| | | | | ഉദ്യോഗാർത്ഥികളെ ഒഴിവാക്കി 60 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുള്ളതിൽ 9 പേർ ട്രെയിനിംഗിന് ജോയിൻ ചെയ്യുകയും, ബാക്കി ട്രെയിനിംഗിന് ജോയിൻ ചെയ്യാത്ത 51 ഉദ്യോഗാർത്ഥികളിൽ 36 NJD ഒഴിവുകൾ 29/11/2023 നും, 14 ഒഴിവുകൾ 08/01/2024 നും NJD ആയി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. (50 NJD ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തു.) ഒരു ഒഴിവ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമന ഉത്തരവ് നൽകിയിരുന്ന ശ്രീ. റഫീക്ക്. കെ ടിയാന്റെ പിതാവിന്റെ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ടിയാന് പ്രവേശനകാലം ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന്റെ പരിഗണനക്കായി സമർപ്പിച്ചഅപേക്ഷ സർക്കാർ നിരസിച്ച് ഉത്തരവായിട്ടുള്ളതും, നിശ്ചിത കാലയളവിനുള്ളിൽ (10 ദിവസങ്ങൾക്കകം) ടിയാൻ സർവീസിൽ പ്രവേശിക്കാത്ത പക്ഷം പ്രസ്തുത ഒഴിവ് NJD ആയി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യണമെന്നും സർക്കാർ ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. ആകയാൽ (10ദിവസങ്ങൾക്കകം) ശ്രീ. റഫീക്ക്. കെ സർവീസിൽ പ്രവേശിക്കാത്ത പക്ഷം പ്രസ്തുത ഒഴിവ് NJD ആയി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.<br>ബഹു. കേരള ഹൈക്കോടതിയുടെ 06. 04.2022 ലെ in IA No.2/22 in OP (KAT)182/20 നമ്പറിലെ ഇടക്കാല ഉത്തരവിന്റെ അടസ്ഥാനത്തിൽ വകുപ്പിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനാൽ 2023 ൽ വകുപ്പുതല പ്രമോഷൻ കമ്മീറ്റി (ലോവർ) കൂടുന്നതിന് സാധിച്ചിട്ടില്ലാത്തതാണ്. ടി വിഷയത്തിൽ സർക്കാരിൽ സ്പഷ്ടീകരണം ആരായുകയും, തുടർന്ന് സർക്കാർ താൽക്കാലിക സ്ഥാനക്കയറ്റം റഗുലറൈസ് ചെയ്യുന്ന മുറയ്ക്ക് മാത്രമേ എക്സൈസ് ഇൻസ്പെക്ടറുടെ ഒഴിവുകൾ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുവെന്നും, പി എസ് സി റാങ്ക് ലിസ്റ്റ് പുറപ്പെടുവിക്കുന്ന മുറക്ക് ടി വിഷയം പരിശോധിക്കാമെന്ന് സർക്കാർ എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുള്ളതുമാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ടി തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് 28.12.2023 -ൽ പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ